# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2181 06-10-2016 ൽ മറുപടിക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.)

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.ഡി.പ്രസേനൻ

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | 1.ഗവ. ഹയർസെക്കൻഡറി സ്കൂൾ കിഴക്കൻഞ്ചേരി<br>2. ശ്രീ നാരായണ കോളേജ്, ആലത്തൂർ<br>3.ഗവ.ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ആലത്തൂർ<br>4. ഗവ. ഹയർസെക്കൻഡറി സ്കൂൾ എരിമയൂർ<br>5.സി.വി.എം. ഹയർസെക്കൻഡറി സ്കൂൾ, വണ്ടാഴി<br>6. ഗവ. ഹയർസെക്കൻഡറി സ്കൂൾ, കുനിശ്ശേരി<br>7.സി.എ. ഹയർസെക്കൻഡറി സ്കൂൾ, കുഴൽമന്നം<br>8.ലൂർദ് മാതാ ഹയർസെക്കൻഡറി സ്കൂൾ, മംഗലം ഡാം, പാലക്കാട് |
| (ബി) | ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അസാപ് പരിശീലനം വിജയകരമായി പുരോഗമിക്കുന്നുണ്ട്. പാലക്കാട് ജില്ലാ കളക്ടർ, ജില്ലയിലെ നിയമസഭാ സാമാജികർ എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ടി സ്കൂളുകളിലെ വിദ്യാർഥികളുടെ തൊഴിൽ നൈപുണ്യ പരിശീലനത്തിനായി ഗവ. ഹയർസെക്കൻഡറി സ്കൂൾ എരിമയൂരിൽ സ്കിൽ ഡവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കായി സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചു നൽകിയിട്ടുള്ളത്; | (സി) | ആയിരത്തോളം സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കായി അതതു സ്ഥാപനങ്ങളിൽ വച്ചു നടത്തപ്പെടുന്ന അടിസ്ഥാന നൈപുണ്യ പരിശീലനവും തെരഞ്ഞെടുത്ത തൊഴിൽ ഇവയിലെ നൈപുണ്യ പരിശീലനവുമാണ് ലഭ്യമാക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് തൊഴിൽ പരിശീലനത്തിനായി 120 സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ (SDC) സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലബോറട്ടറികൾ , ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് (വൈഫൈ ) സൗകര്യം, 5 വീതം സ്മാർട്ട് ക്ലാസ്സ് മുറികൾ , LCD പ്രൊജക്ടറുകൾ, ഇന്ററാക്റ്റീവ് ബോർഡുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകളെ KSWAN ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമായി പരിശീലന ഭരണ നിയന്ത്രണ നടപടികൾ, ഗുണമേന്മാ നിയന്ത്രണം , സർട്ടിഫിക്കറ്റ് നൽകൽ എന്നിവ സാദ്ധ്യമാക്കുന്ന തരത്തിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ആധുനിക തൊഴിൽ നൈപുണ്യ പരിശീലനം സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലുള്ളവർക്ക് ലഭ്യമാക്കാൻ ഉതകുന്ന നൈപുണ്യ പരിശീലന സമുച്ചയങ്ങൾ ആയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ 15 സ്ഥലങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | കൂടുതൽ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | പരിഗണിക്കും. |

സെക്ഷൻ ഓഫീസർ